LIBRARY ARCHIVES Kerala Legislative Assembly

(12) കമലാക്ഷി എന്ന വിധവയുടെ തിരോധാനം

ശ്രീ. സി. കെ. പി. പത്മനാഭൻ : സർ, കഴിഞ്ഞ ഫെബ്രുവരിയിലാണ് തളിപ്പറമ്പ് മണ്ഡലത്തിലെ മയ്യിൽ, കമലാക്ഷി എന്ന് പറയുന്ന വിധവയായ സ്ത്രീയെ കാണാതായത്. രണ്ട് മാസം കഴിഞ്ഞ് ശവശരീരം ചീഞ്ഞളിഞ്ഞ രൂപത്തിൽ കിണറിൽ നിന്ന് കിട്ടി. അത് കഴിഞ്ഞ് നാല് മാസം കഴിഞ്ഞു. പോലീസ് ചിലരെയൊക്കെ കസ്റ്റഡിയിൽ എടുത്തു, പക്ഷേ, അവരൊക്കെ തന്നെ ഇപ്പോൾ വിട്ടയക്കപ്പെട്ടിട്ടുണ്ട്. പോലീസിന്റെ ആദ്യ നിഗമനവും നാട്ടുകാരുടെ മുൻ നിഗമനവും അത് കൊലപാതകമാണെന്നാണ്. പക്ഷേ, കുറ്റവാളികൾ ഇതുവരെ പിടികൂടപ്പെട്ടിട്ടില്ല. നാട്ടിലാകെ വലിയ രൂപത്തിലുള്ള അമർഷം ഇതിന്റെ ഭാഗമായിട്ടുണ്ട്. കുറ്റവാളികളെ കണ്ടെത്തുന്നതിന് വേണ്ടിയും അതിന്റെ സത്യാവസ്ഥ പുറത്ത് കൊണ്ടുവരുന്നതിന് വേണ്ടിയും വിദഗ്ദ്ധമായ അന്വേഷണം പോലീസിന്റെ ഭാഗത്ത് നിന്ന് ഉണ്ടാകണം, ജനങ്ങളുടെ സംശയം ദൂരീകരിക്കണം എന്നാണ് എന്റെ ആവശ്യം.

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ) : സർ, കമലാക്ഷിയെ കാണാതായത് സംബന്ധിച്ചുള്ള കേസ് അന്വേഷിച്ചുകൊണ്ടിരിക്കുന്നതിനിടയിൽ 2-5-2010-നാണ് കമലാക്ഷിയുടെ വീടിനടുത്തുള്ള കരിങ്കൽ ക്വാറിക്ക് സമീപം കുറ്റിക്കാട്ടിൽ ആൾമറയില്ലാത്ത കിണറ്റിൽ കമലാക്ഷിയുടെ ജീർണ്ണിച്ച അസ്ഥികൂടമായ മൃതദേഹം കാണപ്പെട്ടത്. ഇൻക്വസ്റ്റ് നടത്തി ഇത് സംബന്ധിച്ച് 174-ാം വകുപ്പു കൂടി ചേർത്ത് കോടതിയിൽ കേസ് സമർപ്പിച്ചിട്ടുണ്ട്. പരിസരവാസികളേയും അവിടെയുള്ള ആളുകളേയും ഒക്കെ ചോദ്യം ചെയ്തു. മൃതദേഹം കാണപ്പെട്ട കിണറ്റിനടുത്ത് നിന്ന് കലാക്ഷിയുടെ പേഴ്സും കുടുംബശ്രീ പാസ് ബുക്കും കണ്ടെടുക്കുകയുണ്ടായി. കമലാക്ഷിയെ ആരെങ്കിലും അപായപ്പെടുത്തിയതാണോ എന്നത് സംബന്ധിച്ച അന്വേഷണമാണ് ഇപ്പോൾ നടത്തിക്കൊണ്ടിരിക്കുന്നത്. കണ്ണൂർ ഡി.വൈ.എസ്.പി. യുടെ നേതൃത്വത്തിലാണ് ഇപ്പോൾ അന്വേഷണം നടക്കുന്നത്. ഇത് സംബന്ധിച്ച് കേസിന്റെ പുരോഗതി വിലയിരുത്തിക്കൊണ്ട് ആവശ്യമാണെങ്കിൽ ഇത് ക്രൈംബ്രാഞ്ചിന് വിട്ട് കൊടുക്കുന്നതാണ്.

(13) മുഖ്യമന്ത്രി നടത്തിയ പ്രസ്താവന

ശ്രീ. കെ. ബാബു : സർ, '20 വർഷംകൊണ്ട് കേരളം ഒരു മുസ്ലീം രാജ്യമാക്കി മാറ്റാൻ ശ്രമിക്കുന്നു' എന്ന മുഖ്യമന്ത്രിയുടെ ഡൽഹി പ്രസ്താവന സംസ്ഥാനത്തെ ജനങ്ങളെ അമ്പരപ്പിച്ചിരിക്കുകയാണ്. സംസ്ഥാനത്ത് നടക്കുന്ന തീവ്രവാദ പ്രവർത്തനങ്ങളുടെ കേന്ദ്രബിന്ദുവായി മാറിയിട്ടുള്ള പോപ്പുലർ ഫ്രണ്ടിനോടും മറ്റ് തീവ്രവാദ സംഘടനകൾക്കുമെതിരെ ശക്തമായ നടപടി സ്വീകരിക്കുന്നതിന് പകരം പോപ്പുലർ ഫ്രണ്ടിനെ വിമർശിക്കുന്നു എന്ന നിലയിൽ മുസ്ലീം സമുദായത്തെ ഒന്നടങ്കം അപകീർത്തിപ്പെടുത്തുന്നതും അവഹേളിക്കുന്നതുമായ രീതിയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി അദ്ദേഹത്തിന്റെ സ്ഥാനത്തിന് നിരക്കാത്ത

വിധത്തിൽ, ഭാഷയിൽ നടത്തിയ പ്രസ്താവന ന്യൂനപക്ഷ സമുദായങ്ങളിൽ ഭയാശങ്കകൾ ഉണ്ടാക്കുന്നതാണ്. വിവിധ സമൂഹങ്ങൾ ഇടകലർന്ന് ജീവിക്കുകയും സുഖദുഃഖങ്ങൾ ഒരുമിച്ച് പങ്കിടുകയും ചെയ്യുന്ന ഒരു സംസ്ഥാനമാണ് കേരളം. അവർ തമ്മിൽ സ്പർദ്ധയും അവർക്കിടയിൽ അവിശ്വാസവും വർദ്ധിപ്പിക്കാൻ മാത്രമേ ഈ പ്രസ്താവന കൊണ്ട് സാധിക്കുകയുള്ളൂ. ബി.ജെ.പി.ക്കാരും ശിവസേനക്കാരും ഉപയോഗിക്കാത്ത ഭാഷയും രീതിയുമാണ് അങ്ങ് അവലംബിച്ചത്. ഇത് അങ്ങേയറ്റം നിർഭാഗ്യകരമായിപ്പോയി. പോപ്പുലർ ഫ്രണ്ടിനെതിരായും പി.ഡി.പി.യെ പോലുള്ള മറ്റ് തീവ്രവാദ സംഘടനകൾക്ക് എതിരായും ശക്തമായ നടപടി സ്വീകരിക്കുന്നതിന് ഞങ്ങളാരും എതിരല്ല. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഈ സഭയിലും പുറത്തും ഇക്കാര്യം വളരെയധികം വ്യക്തമാക്കിയിട്ടുണ്ട്. ഇതിനെതിരെ ശക്തമായ നടപടി സ്വീകരിക്കണം. പക്ഷേ ഗവൺമെന്റ് ഇത്തരം സംഘടനകളോട് സ്വീകരിച്ച മൃദു സമീപനമാണ് കേരളത്തിൽ ഈ തീവ്രവാദ പ്രവർത്തനം ശക്തിപ്പെട്ടത്. അതുകൊണ്ട് മുസ്ലീം സമുദായത്തിലെ ഒരു negligible minority ആയിട്ടുള്ള പോപ്പുലർ ഫ്രണ്ട് നടത്തുന്ന പ്രവർത്തനങ്ങളെ വിമർശിക്കുന്നു എന്ന ഭാഷയിൽ മുസ്ലീം സമുദായത്തെ ഒന്നടങ്കം അപകീർത്തിപ്പെടുത്തുന്ന തരത്തിലായിപ്പോയി മുഖ്യമന്ത്രിയുടെ പ്രസ്താവന എന്ന് അങ്ങേയറ്റം ഖേദത്തോടുകൂടി.....(തടസ്സം).....അങ്ങ് ഒരു സമുദായത്തെ അടച്ച് ആക്ഷേപിച്ച് നടത്തിയ പ്രസ്താവന അങ്ങേയറ്റം ദൗർഭാഗ്യകരമായിപ്പോയി. ഇതിൽ അങ്ങേയ്ക്ക് രാഷ്ട്രീയ ദുരുദ്ദേശമുണ്ട് എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. ആ പ്രസ്താവനയിൽ അങ്ങ് ഖേദം പ്രകടിപ്പിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

മുഖ്യമന്ത്രി (ശ്രീ. വി. എസ്. അച്ചുതാനന്ദൻ) : സർ, ഡൽഹിയിൽ മാധ്യമപ്രവർത്തകരുടെ ചോദ്യത്തിന് മറുപടിയായി പോപ്പുലർ ഫ്രണ്ടിന്റെ വിധ്വംസക പ്രവർത്തനങ്ങളെ കുറിച്ച് ഞാൻ പറഞ്ഞ കാര്യങ്ങൾ മുസ്ലീം സമുദായത്തെ ആക്ഷേപിക്കുന്നതാണെന്ന വ്യാഖ്യാനങ്ങൾ തെറ്റിദ്ധാരണ പരത്തുന്നതിന് ആസൂത്രിതമായി നടത്തുന്നതാണ്. എൻ.ഡി.എഫ്., പോപ്പുലർ ഫ്രണ്ട്, എസ്.ഡി.പി.ഐ. എന്നീ പേരുകളിൽ അറിയപ്പെടുന്ന വിധ്വംസക സംഘടന നടത്തുന്ന ക്ലാസ്സുകളേയും പ്രചരണങ്ങളേയും സംബന്ധിച്ച് ലഭ്യമായ വിവരങ്ങളാണ് ഞാൻ സൂചിപ്പിച്ചത്. വർഗ്ഗീയത ഇളക്കിവിട്ട് കുഴപ്പങ്ങൾ ഉണ്ടാക്കുക മതസൗഹാർദ്ദവും സമാധാന അന്തരീക്ഷവും തകർക്കുക എന്നീ ലക്ഷ്യങ്ങളോടെ പ്രവർത്തിക്കുന്ന ജനദ്രോഹ പ്രസ്ഥാനമാണിത്. മുസ്ലീം സമുദായത്തിന്റെ വക്താക്കളോ സമുദായത്തെ പ്രതിനിധാനം ചെയ്യുന്ന സംഘടനയോ അല്ല അത്. അവർ മതത്തിന്റെ പേരുപയോഗിച്ച് വൈകാരിക പ്രചരണം നടത്തി പ്രശ്നങ്ങൾ ഉണ്ടാക്കുന്നു. അത് അങ്ങേയറ്റം ആപൽക്കരമാണ്. അവർ സ്വന്തം അണികൾക്കിടയിൽ കുത്തിവയ്ക്കാൻ ശ്രമിക്കുന്ന ഹീന വികാരങ്ങളെ കുറിച്ചാണ് ഞാൻ സൂചിപ്പിച്ചത്. ആർ.എസ്.എസ്., ബജ്റംഗ്ദൾ തുടങ്ങിയ ഹിന്ദുത്വ വർഗ്ഗീയ തീവ്രവാദ ശക്തികൾ നടത്തുന്ന ഹിന്ദുരാഷ്ട്ര പ്രചരണത്തിന് ബദൽ പ്രചരണവും ബദൽ വിചാരസൃഷ്ടിയുമാണ് പോപ്പുലർ ഫ്രണ്ടിനെപോലുള്ളവരുടെ ലക്ഷ്യം. അതിനെ വിമർശിക്കുകയും തുറന്ന്

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

കാണിക്കുകയും ചെയ്യുന്നതിനെ ദുർവ്യാഖ്യാനം ചെയ്യുന്നത് വർഗ്ഗീയ ലക്ഷ്യത്തോടെയാണ്. പോപ്പുലർ ഫ്രണ്ടിനേയും അവരുടെ പ്രചരണത്തേയും തള്ളിപ്പറയുന്നതിന് പകരം അവർക്ക് പരോക്ഷമായി പ്രോത്സാഹനം നൽകുകയാണ്. മുസ്ലീം ലീഗ് ഉൾപ്പെടെയുള്ള ചില കക്ഷികൾ, ലീഗ് നേതാക്കൾ എന്റെ പ്രസ്താവനയെ ആക്ഷേപിക്കുന്നതിന് പിന്നിൽ ദുഷ്ട ലക്ഷ്യങ്ങളാണ് ഉള്ളത്. പോപ്പുലർ ഫ്രണ്ടിനെ തള്ളപ്പറയാൻ യു.ഡി.എഫ്. ഇതേവരെ തയ്യാറാകാത്തതുകൂടി കൂട്ടിവായിക്കണം. ആർ.എസ്.എസ്. ആത്യന്തികമായി ഹിന്ദുരാഷ്ട്രവാദമാണ് ഉന്നയിക്കുന്നത്. ഹിന്ദു വർഗ്ഗീയ തീവ്രവാദ ശക്തികളാണ് അവർ. ആർ.എസ്.എസ്.നേയും അവരുടെ വർഗ്ഗീയ പ്രചരണത്തേയും നഖശിഖാന്തം എതിർക്കുന്ന പ്രസ്ഥാനമാണ് ഞങ്ങളുടേത്. അത് എല്ലാവർക്കും അറിവുള്ളതാണ്. എന്നാൽ ആർ.എസ്.എസ്.-നെ എതിർക്കുന്നതുകൊണ്ട് ഹിന്ദുമതത്തേയോ ഹിന്ദുക്കളേയോ എതിർക്കുന്നു എന്ന് ആർക്കെങ്കിലും വ്യാഖ്യാനിക്കാൻ കഴിയുമോ ? ആർ.എസ്.എസ്.-നെ മഹാഭൂരിപക്ഷം ഹിന്ദുക്കളും എതിർക്കുന്നതുപോലെ പോപ്പുലർ ഫ്രണ്ടിനെ മഹാഭൂരിപക്ഷം മുസ്ലീങ്ങളും എതിർക്കുന്നു. ഈ സമുദായത്തിന്റെ പേര് പറഞ്ഞ് ചെറിയൊരു വിധ്വംസക ഗ്രൂപ്പ് നടത്തുന്ന ആപൽക്കരമായ പ്രവർത്തനങ്ങളെ തുറന്ന് കാണിക്കുമ്പോൾ മുസ്ലീം ലീഗിനും യു.ഡി.എഫ്.നും എന്തിനാണ് പൊള്ളുന്നത് ? പോപ്പുലർ ഫ്രണ്ടിനെ തുണച്ചുകൊണ്ട് നിങ്ങൾ തീക്കൊള്ളി കൊണ്ട് തലചൊറിയുകയാണ്. ഇനിയെങ്കിലും അത് അവസാനിപ്പിക്കാൻ തയ്യാറാകണം. ഇക്കാര്യത്തിൽ ലീഗിന്റെ അഭിപ്രായം യു.ഡി.എഫ്.-ന്റെ പൊതു അഭിപ്രായമാണെന്ന് ഞാൻ കരുതുന്നില്ല. ഗുജറാത്തിൽ ന്യൂനപക്ഷത്തെ ഉൻമൂലനം ചെയ്യുക എന്ന ലക്ഷ്യത്തോടെ സംഘപരിവാർ നടത്തുന്ന കൊടും ക്രൂരതകൾ ഒന്നൊന്നായി പുറത്തുവന്നുകൊണ്ടിരിക്കുകയാണ്. തീവ്രവാദികളെന്ന് മുദ്രകുത്തി സറാബുദ്ദീനേയും ഭാര്യ കൗസർബിയേയും കൊന്ന കേസ്സിൽ അവിടത്തെ ആഭ്യന്തര സഹമന്ത്രിയും നരേന്ദ്ര മോഡിയുടെ വലംകയ്യുമായ അമിത് ഷാ അറസ്റ്റിലായിരിക്കുകയാണ്. രാജ്യത്ത് വിവിധ കേന്ദ്രങ്ങളിൽ സംഘപരിവാർ നടത്തുന്ന കൊലപാതക രാഷ്ട്രീയത്തിന്റെ മറ്റൊരു പതിപ്പാണ് എൻ.ഡി.എഫ്.-ഉം അതിന്റെ പുതിയ രൂപമായ പോപ്പുലർ ഫ്രണ്ടും ചെയ്തുകൊണ്ടിരിക്കുന്നത്. അത്തരം പ്രവർത്തനങ്ങളെ കേരളത്തിൽ വേരോടെ പിഴുതെറിയാനാണ് ശ്രമിക്കുന്നത്. ഈ പ്രവർത്തനങ്ങൾക്ക് പ്രതിപക്ഷ പാർട്ടികളുടെ പൂർണ്ണമായ പിന്തുണ ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

പ്രതിപക്ഷ നേതാവ് (ശ്രീ. ഉമ്മൻ ചാണ്ടി) : സർ, അങ്ങ് അവസാനം പറഞ്ഞതിനോട് ഞങ്ങൾ യോജിക്കുകയാണ്. പോപ്പുലർ ഫ്രണ്ടിനെതിരെ അതുപോലെ ഈ നാടിന് ആപത്താകുന്ന വിധത്തിലുള്ള പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുന്ന എല്ലാ സംഘടനകൾക്കെതിരെയും ഗവൺമെന്റ് സ്വീകരിക്കുന്ന നടപടിക്ക് ഞങ്ങളുടെ പൂർണ്ണമായ പിന്തുണയുണ്ടായിരിക്കും. പോപ്പുലർ ഫ്രണ്ടിന്റെ കാര്യം മാത്രമാണ് അങ്ങ് പറയുന്നത്. പോപ്പുലർ ഫ്രണ്ട് ചെയ്തത് തെറ്റാണ്. വളരെ ക്രൂരമാണ്. അവർക്കെതിരെ ഏത് നടപടി എടുത്താലും ഞങ്ങൾ അതിന് പൂർണ്ണമായ പിന്തുണ നൽകും.

പക്ഷേ നിങ്ങൾ ഒരു കാലത്ത് ജമാഅത്ത് ഇസ്ലാമിയുടെയും പി.ഡി.പി.-യുടെയും വേദി പങ്കിട്ടതാണ്. അതിന്റെ ജാള്യതകൊണ്ടാണ് ആ പേര് പറയാത്തത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അങ്ങ് ഡൽഹിയിൽ വച്ചുനടത്തിയ പരാമർശം പോപ്പുലർ ഫ്രണ്ടിനെക്കുറിച്ച് മാത്രമാണ്, മുസ്ലീം സമുദായത്തെ ഒട്ടും ഉദ്ദേശിച്ചില്ലായെന്ന് അങ്ങ് പറയുന്നത് ആദ്യം ബോധ്യപ്പെടുത്തേണ്ടത് നിങ്ങളുടെ പത്രം ദേശാഭിമാനിയെയാണ്. ദേശാഭിമാനി കൊടുത്ത വാർത്തയിൽ മുഖ്യമന്ത്രിയുടെ വിവാദപരമായ പ്രശ്നങ്ങളൊന്നും കൊടുത്തില്ല. അത് പോപ്പുലർ ഫ്രണ്ടിന് എതിരായിട്ടായിരുന്നു എങ്കിൽ അത് ആദ്യം നിങ്ങളുടെ പത്രത്തിൽത്തന്നെയല്ലേ കൊടുക്കേണ്ടത്. അപ്പോൾ ദേശാഭിമാനിക്കുപോലും അന്ന് തോന്നാത്ത കാര്യമാണ് ഇന്ന് ഇപ്പോൾ അങ്ങ് ഇവിടെ പറഞ്ഞ് ഒഴിഞ്ഞുമാറാൻ ശ്രമിച്ചത്. ഞാൻ അതിനെ സ്വാഗതം ചെയ്യുകയാണ്. പോപ്പുലർ ഫ്രണ്ടിനെതിരെ അങ്ങ് എന്ത് പറഞ്ഞാലും ഞങ്ങൾ അതിനോട് യോജിക്കും. കാരണം അവർ ചെയ്തിട്ടുള്ള പ്രവൃത്തി അതുപോലെ നമ്മുടെ നാടിനെ വേദനിപ്പിച്ചിട്ടുള്ള സംഭവമാണ്, ഹീനമാണ്. പക്ഷേ, അങ്ങയുടെ പ്രസ്താവന യഥാർത്ഥത്തിൽ പോപ്പുലർ ഫ്രണ്ടിനെ സഹായിക്കുന്ന വിധത്തിലായിപ്പോയി. കാരണം മുസ്ലീം സമുദായത്തിൽ കൈവെള്ളയിൽ എല്ലാം സാധിക്കുന്ന ന്യൂനപക്ഷം മാത്രമാണ് ഇതുപോലെയുള്ള പ്രവർത്തനങ്ങൾ പിന്തുണക്കുന്നത്, ഇതിന്റെകൂടെ കൂട്ടുകൂടുന്നത്. എത്രയോ ആളുകളുമായി നമുക്കൊക്കെ ബന്ധമുണ്ട്. മഹാഭൂരിപക്ഷം മുസ്ലീങ്ങളും ഇതിന് എതിരാണെന്ന് മാത്രമല്ല ഇവരുടെ പ്രവർത്തനം സമുദായത്തെ നാണം കെടുത്തുന്നുവെന്ന് വിശ്വസിക്കുന്നവരാണ്. ആ സാഹചര്യത്തിൽ പോപ്പുലർ ഫ്രണ്ടാണ് മുസ്ലീമിന്റെ മുഖമുദ്രയെന്ന നിലയിൽ അങ്ങ് കാര്യങ്ങൾ പറഞ്ഞത് ഏറ്റവും നിർഭാഗ്യകരമായിപ്പോയി. അത് അങ്ങ് പിൻവലിക്കണമെന്ന് തന്നെയാണ് എനിക്ക് പറയാനുള്ളത്. പിൻവലിക്കുന്നില്ല എങ്കിൽ അങ്ങ് നിശ്ചയമായും ഒരു സമൂഹത്തെ മുഴുവൻ വേദനിപ്പിച്ചുയെന്ന് വരും.

ശ്രീ. വി. എസ്. അച്ചുതാനന്ദൻ : സർ, അദ്ധ്യാപകന്റെ കൈവെട്ടിയ കേസ്സുമായി ബന്ധപ്പെട്ട് എൻ.ഡി.എഫ്., പി.എഫ്.വൈ. മുതലായ സംഘടനകളുടെ ഓഫീസ് റെയ്ഡ് ചെയ്ത സമയം കിട്ടിയ ചില രേഖകൾ, ലഘുലേഖകൾ മതവിദ്വേഷം വർദ്ധിപ്പിക്കുന്ന രീതിയിലുള്ളതായിരുന്നു. റെയ്ഡിൽ കണ്ടെടുത്ത ചില രേഖകളിൽ ജനാധിപത്യ സംവിധാനത്തിന് വിരുദ്ധമായതും പ്രസ്തുത സംവിധാനത്തെ നിരാകരിക്കാനും നശിപ്പിക്കാനും ആഹ്വാനം ചെയ്യുന്നതുമായ പല പ്രസ്താവനകളുമുള്ളതായി കണ്ടിട്ടുണ്ട്. ജനാധിപത്യവും ഇസ്ലാമും രണ്ട് വിരുദ്ധ ആദർശങ്ങളാണ്. ഇന്ത്യയിൽ ഭൂരിപക്ഷം അമുസ്ലീങ്ങളാണെന്നും ജനാധിപത്യത്തിൽ ഭൂരിപക്ഷത്തിന്റെ അഭിപ്രായമാണ് മാനിക്കപ്പെടുകയെന്നും നാം ആദ്യം മനസ്സിലാക്കണം. തെരഞ്ഞെടുപ്പിൽ വിജയിച്ച് പാർലമെന്റിൽ മുസ്ലീങ്ങൾക്ക് ഭൂരിപക്ഷത്തോടെ പ്രവേശിക്കണമെന്നത് ഇവിടെ സാധ്യമല്ല. ഇന്ത്യയ്ക്കകത്ത് ഇസ്ലാമിക ഗവൺമെന്റ് സ്ഥാപിതമാകുന്നതിനെ ഒരു ശക്തിക്കും തടയാനാകില്ല. കുറഞ്ഞ കാലത്തിനുള്ളിൽ മുസ്ലീം രാഷ്ട്രങ്ങളുടെ ഘടനയും തിരുത്തപ്പെടും. ഇന്ന്

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

മുഴുവൻ ലോകവും അടക്കി വാണുകൊണ്ടിരിക്കുന്നത് ഒരു ശക്തിക്കും ഈ മുന്നേറ്റത്തിൽനിന്ന് സുരക്ഷിതമാകാൻ ആയിരിക്കില്ല. ഇസ്ലാമിന്റെ മേധാവിത്വത്തിന് സ്വന്തം ജീവരക്തം നൽകി അതിനെ ശക്തിപ്പെടുത്തുകയാണ് വേണ്ടത്. ഇതൊക്കെയാണ് ഈ ലഘുലേഖയിൽ പറയുന്നത്. അപ്പോൾ ഇതെല്ലാംതന്നെ ഗവൺമെന്റിനെ ബന്ധപ്പെട്ടവർ അറിയിച്ചിട്ടുണ്ട്. അതുകൊണ്ട് ഈ നാട്ടിലെ ജനാധിപത്യ പ്രസ്ഥാനത്തിനും ജനങ്ങൾക്കും മുന്നറിയിപ്പ് നൽകേണ്ടത് അത്യന്താപേക്ഷിതമാണ്. ആർ.എസ്.എസ്.-നെയും ബി.ജെ.പി.-യെയുംപോലെതന്നെ അവിടെ മറ്റൊരു നാണയമായി എൻ.ഡി.എഫ്. മാറിക്കൊണ്ടിരിക്കുകയാണ്. 2002-ൽ ഇവർ എൻ.ഡി.എഫ്. ആയി. പുനലൂരിലെ സി.പി.ഐ.(എം)-ന്റെ ഏരിയ കമ്മിറ്റി മെമ്പറായ അഷ്റഫിനെ കൊലപ്പെടുത്തിയ അബ്ദുൾ ഖാദർ കഴിഞ്ഞ ദിവസം ബോംബെയിൽവച്ച് അറസ്റ്റ് ചെയ്യപ്പെട്ടിരിക്കുകയാണ്. ഇപ്പോൾ അദ്ദേഹം ഈ പറഞ്ഞ പോപ്പുലർ ഫ്രണ്ടാണ്. ഗൾഫ് നാടുകളിൽ പണം പിരിച്ച് ഇങ്ങോട്ട് അയച്ച് കൊടുക്കുക എന്നതാണ് അബ്ദുൾ ഖാദറിന്റെ ഇപ്പോഴത്തെ ദൗത്യം. ഇതെല്ലാം പത്രങ്ങളിൽ വന്നുകൊണ്ടിരിക്കുകയാണ്. ആ പത്രങ്ങളിൽ വന്നിട്ടുള്ള കാര്യങ്ങളെല്ലാം സത്യസന്ധമായി വായിച്ച് മനസ്സിലാക്കി അതിനെ എതിർക്കുന്നതിനുപകരം യു.ഡി.എഫ്.-ലെ ഒരു ഘടകകക്ഷിയാണ് എന്നുള്ളതിന്റെ പേരിൽ നിങ്ങൾ വളരെ അപകടകരമായ സ്ഥിതിയിലേക്കാണ് പോകുന്നതെന്ന് ഞാൻ ചൂണ്ടിക്കാണിക്കുകയാണ്. .....(ബഹളം)..... നിങ്ങൾ ഓരോ ദിവസവും വാക്കൗട്ട് ചെയ്യാൻവേണ്ടി ഇതേപോലെയുള്ള പ്രശ്നം എടുക്കുന്നതിൽ ഞാൻ അത്ഭുതപ്പെടുന്നില്ല. നിങ്ങൾ അത് പറഞ്ഞുകൊണ്ട് .....(ബഹളം)..... ഇത് പറഞ്ഞുകൊണ്ടിരുന്നപ്പോൾ ശ്രീ. കെ. ബാബുവിന്റെ കണ്ണീർ വരുന്നത് ഞാൻ കണ്ടു. അതേപ്പോലെയുള്ള സൂത്രവിദ്യകളൊക്കെ നിങ്ങൾ പ്രയോഗിച്ചോളൂ.

ശ്രീ. ഉമ്മൻ ചാണ്ടി : സർ, പോപ്പുലർ ഫ്രണ്ടിനെ എതിർക്കുന്ന കാര്യത്തിൽ യാതൊരു സംശയവും വേണ്ട. പക്ഷേ, അങ്ങ് പോപ്പുലർ ഫ്രണ്ടിന്റെ പ്രചാരകനായി മാറരുത്. .....(ബഹളം)..... കാരണം അവരുടെ ആശയങ്ങൾ മുസ്ലീം സമുദായത്തിനെ കൈവിരലിലെണ്ണാൻ സാധിക്കുന്ന ഒരു ന്യൂനപക്ഷത്തിന്റെ ആശയങ്ങളുടെ പ്രചാരകനായിട്ടാണ് അങ്ങയെ ഡൽഹി കേരള ഹൗസിൽ നടത്തിയ പത്ര സമ്മേളനത്തിൽ കാണാൻ സാധിച്ചത്. അതുകൊണ്ടാണ് നിങ്ങളുടെ പാർട്ടിയുടെ പത്രംപോലും നിങ്ങൾ പറഞ്ഞ ഈ ആശയങ്ങൾ പ്രചരിപ്പിക്കാതിരുന്നത്. അങ്ങ് ഇപ്പോൾ ആദ്യം പറഞ്ഞതിൽനിന്ന് വ്യത്യസ്തമായി പോപ്പുലർ ഫ്രണ്ടിന്റെ ആശയങ്ങൾ പ്രചരിപ്പിക്കാൻവേണ്ടിയാണ് ഈ മറുപടി ഇവിടെ പറഞ്ഞത്. അത് വളരെ നിർഭാഗ്യകരമാണ്. .....(ബഹളം)..... ഇത് ഒരു സമുദായത്തെ മുഴുവൻ വേദനിപ്പിക്കുന്ന സംഭവമാണ്. അതിനുപകരം പോപ്പുലർ ഫ്രണ്ടിന്റെ ഇതുപോലുള്ള പ്രവർത്തനത്തിനെതിരെ ശക്തമായിട്ട് നീങ്ങുന്നതിനുപകരം ഇതിന്റെ മറവിൽ രാഷ്ട്രീയമായ മുതലെടുപ്പ് നടത്താൻ, ഒരു സമുദായത്തെ ആക്ഷേപിക്കാൻ ശ്രമിക്കുന്നത് അങ്ങേയറ്റം പ്രതിഷേധാർഹമാണ്..... (ബഹളം).....